## മധുരമായ കുട്ടികളേ- ദേഹാഭിമാനം ആസുരീയ സ്വഭാവമാണ്, അതിനെ മാറ്റി ദൈവീക സ്വഭാവത്തെ ധാരണ ചെയ്യൂ, എങ്കിൽ രാവണന്റെ ജയിലിൽ നിന്നും മോചിതരാകും.

**ചോദ്യം:-** ഓരോ ആത്മാവും തന്റെ പാപകർമ്മത്തിന്റെ ശിക്ഷ എങ്ങിനെയാണ് അനുഭവിക്കുന്നത്, അതിൽനിന്നും രക്ഷ നേടാനുള്ള ഉപായം എന്താണ്?
**ഉത്തരം:-** ഓരോരുത്തരും തന്റെ പാപത്തിന്റെ ശിക്ഷ ഒന്നാമതായി, ഗർഭ ജയിലിൽ അനുഭവിക്കുന്നു, രണ്ടാമത് രാവണന്റെ ജയിലിൽ അനേകപ്രകാരത്തിലുള്ള ദുഃഖം അനുഭവിക്കുന്നു. ബാബ വന്നിരിക്കുകയാണ് നിങ്ങൾ കുട്ടികളെ ഈ ജയിലുകളിൽ നിന്നും മോചിപ്പിക്കാൻ. ഇതിൽനിന്നും രക്ഷപ്പെടുന്നതിനുവേണ്ടി നിർവ്വികാരിയായി മാറൂ.

**ഓം ശാന്തി –** ഡ്രാമയുടെ പ്ലാനനുസരിച്ച് ബാബ മനസ്സിലാക്കിത്തരികയാണ്. ബാബ തന്നെയാണ് വന്ന് രാവണന്റെ ജയിലിൽനിന്നും മോചിപ്പിക്കുന്നത്. കാരണം എല്ലാവരും വികാരികളാണ്, പാപാത്മാക്കളാണ്. മുഴുവൻ ലോകത്തിലെ മനുഷ്യരും വികാരിയായതുകാരണം രാവണന്റെ ജയിലിലാണ്. പിന്നീട് എപ്പോഴാണോ ശരീരം ഉപേക്ഷിക്കുന്നത് അപ്പോഴും ഗർഭജയിലിലേക്ക് പോകുന്നു. ബാബ വന്ന് രണ്ട് ജയിലിൽ നിന്നും മോചിപ്പിക്കുകയാണ് പിന്നീട് അരകല്പത്തേക്ക് നിങ്ങൾ രാവണന്റെ ജയിലിലും ഗർഭ ജയിലിലും പോകുന്നില്ല. നിങ്ങൾക്കറിയാം ബാബ പതുക്കെ പതുക്കെ പുരുഷാർത്ഥമനുസരിച്ച് നമ്മളെ രാവണന്റെ ജയിലിൽനിന്നും ഗർഭ ജയിലിൽനിന്നും മോചിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ബാബ പറയുകയാണ് നിങ്ങളെല്ലാവരും രാവണ രാജ്യത്തിൽ വികാരികളാണ്. പിന്നീട് രാമരാജ്യത്തിൽ എല്ലാവരും നിർവ്വികാരിയായി മാറും. ഒരു തരത്തിലുള്ള ഭൂതങ്ങളും അവിടെ പ്രവേശിക്കില്ല. ദേഹാഹങ്കാരത്തിലേക്ക് വരുന്നതിലൂടെയാണ് എല്ലാ ഭൂതങ്ങളും പ്രവേശിക്കുന്നന്നത്. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് പുരുഷാർത്ഥം ചെയ്ത് ദേഹീ അഭിമാനിയായി മാറണം. എപ്പോഴാണോ ലക്ഷ്മീനാരായണനെപ്പോലെയായിത്തീരുന്നത് അപ്പോഴാണ് ദേവതയെന്ന് പറയുക. ഇപ്പോൾ നിങ്ങളെ ബ്രാഹ്മണനെന്ന് പറയുന്നു. രാവണന്റെ ജയിലിൽനിന്നും മോചിതരാക്കുന്നതിനുവേണ്ടി ബാബ വന്ന് പഠിപ്പിക്കുകയാണ്, ആരുടെയെല്ലാം സ്വഭാവമാണോ മോശമായിരിക്കുന്നത് അവരെ പരിവർത്തനപ്പെടുത്തുകയും ചെയ്യുന്നു. പകുതി കൽപത്തോളമായി സ്വഭാവം മോശമായിക്കൊണ്ടിരിക്കുകയാണ്, ഇപ്പോൾ വളരെയധികം മോശപ്പെട്ടു. ഈ സമയം തമോപ്രധാനമായ സ്വഭാവമാണ്. ദൈവീക സ്വഭാവത്തിലും ആസുരീയ സ്വഭാവത്തിലും രാത്രിയും പകലും തമ്മിലുള്ള വ്യത്യാസമുണ്ട്. ബാബ മനസ്സിലാക്കിത്തരികയാണ് ഇപ്പോൾ പുരുഷാർത്ഥം ചെയ്ത് തന്റെ സ്വഭാവത്തെ ദൈവീകമാക്കി മാറ്റണം, അപ്പോഴാണ് ആസുരീയ സ്വഭാവത്തിൽനിന്നും മുക്തരാവുക. ആസുരീയ സ്വഭാവത്തിൽ ദേഹാഭിമാനമാണ് നമ്പർ വൺ. ദേഹീ അഭിമാനിയായിരിക്കുന്നവരുടെ സ്വഭാവം ഒരിക്കലും മോശമാകില്ല. മുഴുവൻ ആധാരവും സംസ്കാരത്തിലാണ്. ദേവതകളുടെ സ്വഭാവം എങ്ങിനെയാണ് മോശമാകുന്നത്? എപ്പോഴാണോ അവർ വാമമാർഗ്ഗത്തിലേക്ക് പോകുന്നത് അതായത് വികാരിയായി മാറുന്നത് അപ്പോഴാണ് സ്വഭാവവും മോശമാകുന്നത്. ജഗന്നാഥക്ഷേത്രത്തിൽ വാമമാർഗ്ഗത്തിലുള്ള മോശമായ ചിത്രങ്ങളാണ് കാണിച്ചിട്ടുള്ളത്. ഈ ക്ഷേത്രം വളരെ വർഷങ്ങൾക്കു മുമ്പുള്ള പഴയ ക്ഷേത്രമാണ്, വസ്ത്രങ്ങളെല്ലാം ദേവതകളുടെതു തന്നെയാണ്. ദേവതകൾ എങ്ങനെ വാമമാർഗ്ഗത്തിലേക്ക് പോയി എന്ന് കാണിക്കുന്നുണ്ട്. ആദ്യത്തെ കുറ്റകൃത്യം തന്നെ കാമചിതയിലേക്ക് പോവുക എന്നാണ്. കാമചിതയിലേക്ക് പോയി, പിന്നീട് നിറം മാറി-മാറി വളരെയധികം കറുക്കുന്നു. ആദ്യമാദ്യം സ്വർണ്ണിമയുഗത്തിൽ സമ്പൂർണ്ണമായും വെളുത്തതായിരുന്നു, പിന്നീട് രണ്ട് കല കുറയുന്നു. ത്രേതായുഗത്തെ സ്വർഗ്ഗമെന്ന് പറയില്ല, അതു സെമി(പകുതി)സ്വർഗ്ഗമാണ്. ബാബ മനസ്സിലാക്കിത്തരികയാണ് രാവണൻ വരുന്നതിലൂടെയാണ് നിങ്ങളിൽ കറ പുരളാൻ ആരംഭിച്ചത്. പൂർണ്ണമായും ക്രിമിനലാകുന്നത് അന്തിമത്തിലാണ്. ഇപ്പോൾ 100 ശതമാനവും ക്രിമിനലാണെന്ന് പറയാം. 100 ശതമാനം നിർവ്വികാരികളായിരുന്നു പിന്നീട് 100 ശതമാനം വികാരികളായി. ഇപ്പോൾ ബാബ പറയുകയാണ് പരിവർത്തനപ്പെടൂ, ഈ രാവണന്റെ ജയിൽ വളരെ വലുതാണ്. എല്ലാവരേയും ക്രിമിനലെന്നേ പറയൂ കാരണം രാവണരാജ്യത്തിലല്ലേ. രാമരാജ്യം രാവണരാജ്യം ഇതെന്താണെന്ന് ലോകത്തിലുള്ളവർക്ക് അറിയുന്നില്ല. ഇപ്പോൾ നിങ്ങൾ രാമരാജ്യത്തിലേക്ക് പോകുന്നതിനായി പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുകയാണ്. ആരും തന്നെ സമ്പൂർണ്ണരായി മാറിയിട്ടില്ല. ചിലർ ഫസ്റ്റ്, ചിലർ സെക്കന്റ്, ചിലർ തേഡ് ആണ്. ഇപ്പോൾ ബാബ പഠിപ്പിക്കുകയാണ്, ദൈവീകഗുണങ്ങളെ ധാരണ ചെയ്യിപ്പിക്കുകയാണ്. എല്ലാവരിലും ദേഹാഭിമാനമുണ്ട്. എത്രത്തോളം നിങ്ങൾ സർവ്വീസിൽ മുഴുകിയിരിക്കുന്നുവോ അത്രയും

ദേഹാഭിമാനം കുറഞ്ഞുകൊണ്ടിരിക്കും. സേവ ചെയ്യുന്നതിലൂടെത്തന്നെയാണ് ദേഹാഭിമാനം കുറയുന്നത്. ദേഹീ അഭിമാനിയായിട്ടുള്ളവർ വലിയ വലിയ സർവ്വീസുകൾ ചെയ്യും. ബാബ ദേഹീ- അഭിമാനിയാണ് അതിനാൽ എത്ര നല്ല സർവ്വീസാണ് ചെയ്യുന്നത്. എല്ലാവരേയും കുറ്റവാളിയായ രാവണന്റെ ജയിലിൽനിന്നും മോചിപ്പിച്ച് സദ്ഗതി പ്രാപ്തമാക്കിക്കൊടുക്കുന്നു. സത്യയുഗത്തിൽ രണ്ട് ജയിലുമുണ്ടാകുന്നില്ല. ഇവിടെ ഡബിൾ ജയിലാണ്, സത്യയുഗത്തിൽ കോടതിയില്ല, പാപാത്മാക്കളും ഇല്ല, രാവണന്റെ ജയിലുമില്ല. രാവണന്റേത് പരിധിയില്ലാത്ത ജയിലാണ്. എല്ലാവരും 5 വികാരങ്ങളാകുന്ന കയറിൽ ബന്ധിക്കപ്പെട്ടിരിക്കുകയാണ്. അപാരമായ ദുഃഖമാണ്. അനുദിനം ദുഃഖം വർദ്ധിച്ചുകൊണ്ടേയിരിക്കുകയാണ്.

സത്യയുഗത്തെ സ്വർണ്ണിമ കാലഘട്ടമെന്നും, ത്രേതായുഗത്തെ വെള്ളി കാലഘട്ടമെന്നും പറയുന്നു. സത്യയുഗത്തിലെ സുഖം ത്രേതായുഗത്തിലുണ്ടാകില്ല കാരണം ആത്മാവിന് രണ്ട് കല കുറയുന്നു. ആത്മാവിന്റെ കല കുറയുന്നതിലൂടെ ശരീരവും അതുപോലെയുള്ളതാണ് ലഭിക്കുക. അപ്പോൾ ഇത് മനസ്സിലാക്കി കൊടുക്കണം നമ്മൾ രാവണരാജ്യത്തിൽ ദേഹാഭിമാനികളായി മാറി. ഇപ്പോൾ ബാബ വന്നിരിക്കുകയാണ് രാവണന്റെ ജയിലിൽനിന്നും മോചിപ്പിക്കുന്നതിനുവേണ്ടി. പകുതി കൽപ്പത്തെ ദേഹാഭിമാനത്തെ ഇല്ലാതാക്കുവാൻ സമയമെടുക്കും. വളരെയധികം പരിശ്രമിക്കേണ്ടതുണ്ട്. പെട്ടെന്ന് ആരെങ്കിലും ശരീരം ഉപേക്ഷിച്ച് പോയാൽ അവർ വലുതായ ശേഷം വീണ്ടും വന്ന് കുറച്ച് ജ്ഞാനം എടുക്കുന്നു. എത്രത്തോളം വൈകി വരുന്നുവോ അവർക്ക് പുരുഷാർത്ഥം ചെയ്യാൻ സാധിക്കില്ല. ആരെങ്കിലും മരിച്ചതിനു ശേഷം പിന്നീട് അവർ അടുത്ത ജന്മത്തിൽ പുരുഷാർത്ഥം ചെയ്യുകയാണെങ്കിൽ തന്നെ അവയവങ്ങൾ വലുതാകണം, ബുദ്ധി ഉറച്ചാലല്ലേ എന്തെങ്കിലും ചെയ്യാൻ സാധിക്കൂ. വൈകി വരുന്നവർക്ക് ഒന്നും പഠിക്കാനും സാധിക്കില്ല. എത്രത്തോളം പഠിക്കാൻ സാധിക്കുന്നുവോ അത്രയും പഠിക്കണം അതുകൊണ്ട് മരിക്കുന്നതിനുമുന്നു തന്നെ പുരുഷാർത്ഥം ചെയ്യണം, എത്ര സാധിക്കുമോ ഈ ഭാഗത്തേക്ക് വരാനുള്ള പരിശ്രമം തീർച്ചയായും ചെയ്യും. ഈ അവസ്ഥയിൽ വളരെയധികം പേർ വരും. വൃക്ഷത്തിന്റെ വളർച്ചയുണ്ടാകുന്നു. വളരെ സഹജമായി മനസ്സിലാക്കി കൊടുക്കാം. ബോംബേയിൽ ബാബയുടെ പരിചയം നൽകുന്നതിനായി വളരെ നല്ല അവസരങ്ങളുണ്ട്- ബാബ നമുക്കെല്ലാവർക്കും പിതാവാണ്, ബാബയിൽനിന്നും തീർച്ചയായും സ്വർഗ്ഗത്തിന്റെ സമ്പത്താണ് വേണ്ടത്. എത്ര സഹജമാണ്. ബാബയാണ് നമ്മെ പഠിപ്പിക്കുന്നത് എന്നതിനെക്കുറിച്ച് ഹൃദയത്തിന്റെ ഉള്ളിൽ ഗദ്ഗദമുണ്ടാകണം. ഇത് നമ്മുടെ ലക്ഷ്യമാണ്. നമ്മൾ ആദ്യം സദ്ഗതിയിലായിരുന്നു പിന്നീട് ദുർഗ്ഗതിയിലേക്ക് വന്നു. ഇപ്പോൾ വീണ്ടും ദുർഗ്ഗതിയിൽനിന്ന് സദ്ഗതിയിലേക്ക് പോകണം. ശിവബാബ പറയുകയാണ് എന്നെ മാത്രം ഓർമ്മിക്കൂ. എങ്കിൽ നിങ്ങളുടെ ജന്മജന്മാന്തരങ്ങളിലെ പാപം ഭസ്മമാകും.

നിങ്ങൾ കുട്ടികൾക്കറിയാം - എപ്പോഴാണോ ദ്വാപര യുഗത്തിൽ രാവണരാജ്യമുണ്ടാകുന്നത് അപ്പോൾ 5 വികാരങ്ങളാകുന്ന രാവണനും സർവ്വവ്യാപിയാകുന്നു. എവിടെ വികാരങ്ങൾ സർവ്വവ്യാപിയാണോ അവിടെ ബാബക്കെങ്ങനെ സർവ്വവ്യാപിയാകാൻ സാധിക്കും. എല്ലാ മനുഷ്യരും പാപാത്മാക്കളല്ലേ. ബാബ സന്മുഖത്തായതു കൊണ്ടാണ് പറയുന്നത് ഞാൻ അങ്ങനെ പറഞ്ഞിട്ടേയില്ല, മനുഷ്യർ തല തിരിഞ്ഞ് മനസ്സിലാക്കിയതാണ്. തലകീഴായി മനസ്സിലാക്കി, വികാരങ്ങളിൽ വീണ്, ഗ്ലാനി ചെയ്ത് ചെയ്താണ് ഭാരതത്തിന് ഈ അവസ്ഥയുണ്ടായത്. ക്രിസ്ത്യാനികൾക്കുപോലും അറിയാം 5000 വർഷത്തിനുമുമ്പ് ഭാരതം സ്വർഗ്ഗമായിരുന്നു, എല്ലാവരും സതോപ്രധാനമായിരുന്നു. ഭാരതവാസികൾ ലക്ഷക്കണക്കിന് വർഷമെന്ന് പറയുന്നു കാരണം ബുദ്ധി തമോപ്രധാനമായി മാറി. മറ്റുള്ള ധർമ്മത്തിലുള്ളവർ അത്രയ്ക്ക് ഉയരുന്നുമില്ല അത്രയ്ക്ക് താഴേക്കും പോകുന്നില്ല. സ്വർഗ്ഗമുണ്ടായിരുന്നു എന്നവർ മനസ്സിലാക്കുന്നുണ്ട്. ബാബ പറയുന്നു, ഇവർ ശരിയാണ് പറയുന്നത് - 5000 വർഷങ്ങൾക്കു മുമ്പ് ഞാനും നിങ്ങൾ കുട്ടികളെ രാവണന്റെ ജയിലിൽനിന്ന് മോചിപ്പിക്കുന്നതിനുവേണ്ടി വന്നിരുന്നു, ഇപ്പോൾ വീണ്ടും മോചിപ്പിക്കുന്നതിനുവേണ്ടി വന്നിരിക്കുകയാണ്. പകുതി കൽപം രാമരാജ്യവും, പകുതി കൽപം രാവണരാജ്യവുമാണ്. കുട്ടികൾക്ക് അവസരം ലഭിച്ചാൽ ഇതെല്ലാം തന്നെ മനസ്സിലാക്കിക്കൊടുക്കണം.

ബാബ നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കിത്തരികയാണ് - കുട്ടികളേ, ഇങ്ങനെ ഇങ്ങനെയെല്ലാം മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കൂ. ഇത്രയ്ക്കും അപരം അപാരമായ ദുഃഖം എന്തുകൊണ്ടുണ്ടായി? എപ്പോഴാണോ ഈ ലക്ഷ്മീനാരായണന്റെ രാജ്യമുണ്ടായിരുന്നത് അപ്പോൾ അപാരമായ സുഖമായിരുന്നു. അവർ സർവ്വഗുണസമ്പന്നരായിരുന്നു, ഇപ്പോൾ ഈ ജ്ഞാനം നരനിൽനിന്നും നാരായണനായി മാറാനുള്ളതാണ്. പഠിപ്പാണ്, ഇതിലൂടെ ദൈവീകസ്വഭാവമുള്ളവരായി മാറുന്നു. ഈ സമയം രാവണരാജ്യത്തിൽ എല്ലാവരുടെ സ്വഭാവവും മോശമായതാണ്. എല്ലാവരുടെ സംസ്കാരത്തേയും ഉദ്ധരിക്കുന്നത് ഒരേയൊരു രാമനാണ്. ഈ സമയം എത്ര ധർമ്മങ്ങളാണ്, മനുഷ്യരുടെ വർദ്ധനവും ഉണ്ടായിക്കൊണ്ടിരിക്കുന്നു, ഇങ്ങനെ

വർദ്ധിക്കുകയാണെങ്കിൽ കഴിക്കാനുള്ള ഭക്ഷണം എവിടെനിന്നു ലഭിക്കും! സത്യയുഗത്തിൽ ഇങ്ങനെയുള്ള കാര്യങ്ങളൊന്നും തന്നെ ഉണ്ടാകില്ല. അവിടെ ദുഖത്തിന്റെ കാര്യം തന്നെയില്ല. ഈ കലിയുഗം ദുഃഖധാമമാണ്, എല്ലാവരും വികാരിയാണ്. സത്യയുഗം സുഖധാമമാണ്, എല്ലാവരും സമ്പൂർണ്ണ നിർവ്വികാരിയാണ്. ഇടക്കിടെ ഇത് മറ്റുള്ളവരോട് പറയണം എന്നാലെ അവർ കുറച്ചെങ്കിലും മനസ്സിലാക്കൂ. ബാബ പറയുന്നു ഞാൻ പതിതപാവനനാണ്, എന്നെ ഓർമ്മിക്കുന്നതിലൂടെ നിങ്ങളുടെ ജന്മജന്മാന്തരത്തിലെ പാപം ഭസ്മമാകും. ബാബ ഇതെല്ലാം പറയുന്നത് എങ്ങിനെയാണ് ! തീർച്ചയായും ശരീരത്തെ ധാരണ ചെയ്താലല്ലേ പറയാൻ സാധിക്കൂ. പതിതപാവനൻ സർവ്വർക്കും സത്ഗതിദാതാവ് ഒരു ബാബയാണ്, തീർച്ചയായും ബാബ ഏതെങ്കിലും രഥത്തിൽ വരുന്നുണ്ടാകും. ബാബ പറയുന്നു ആർക്കാണോ തന്റെ ജന്മങ്ങളെക്കുറിച്ചുള്ള അറിവുപോലുമില്ലാത്തത്, അവരുടെ രഥത്തിലാണ് ഞാൻ പ്രവേശിക്കുന്നത്. ബാബ മനസ്സിലാക്കിത്തരികയാണ് ഇത് 84 ജന്മത്തിന്റെ കളിയാണ്, ആരാണോ ആദ്യമാദ്യം വന്നിരുന്നത്, അവർ തന്നെയാണ് ഇപ്പാഴും വരിക, അവർക്കാണ് വളരെയധികം ജന്മമുണ്ടാവുക. പിന്നീട് ജന്മങ്ങൾ കുറയുന്നു. ഏറ്റവുമാദ്യം ദേവതകളാണ് വരുന്നത്. ബാബ കുട്ടികളെ പ്രഭാഷണം ചെയ്യാൻ പഠിപ്പിക്കുകയാണ് – ഇങ്ങനെ ഇങ്ങനെയെല്ലാം മനസ്സിലാക്കിക്കൊടുക്കണം. നല്ല രീതിയിൽ ഓർമ്മയിലിരിക്കുന്നവർക്ക്, ദേഹാഭിമാനം ഇല്ലാത്തവർക്ക് പ്രഭാഷണം നന്നായി ചെയ്യാൻ സാധിക്കും. ശിവബാബ ദേഹീ അഭിമാനിയല്ലേ. ബാബ പറഞ്ഞുകൊണ്ടേയിരിക്കുകയാണ് – കുട്ടികളേ, ദേഹീ അഭിമാനിയായി ഭവിക്കൂ. വികാരങ്ങളൊന്നും തന്നെ ഉണ്ടാകരുത്, ഉള്ളിൽ ചെകുത്താനിരിക്കരുത്. നിങ്ങൾ ആർക്കും ദുഃഖം കൊടുക്കരുത്, ആരെയും നിന്ദിക്കരുത്. നിങ്ങൾ കുട്ടികൾക്ക് ഒരിക്കലും കേട്ടതും കേൾപ്പിക്കപ്പെട്ടതുമായ കാര്യത്തിൽ വിശ്വാസം വെക്കരുത്. ബാബയോടു ചോദിക്കൂ – ഇവർ ഇങ്ങനെയെല്ലാം പറയുന്നുണ്ട്, ഇത് സത്യമാണോ? ബാബ പറഞ്ഞുതരും. അല്ലെങ്കിൽ ഒരുപാട് പേരുണ്ട് അസത്യമായ കാര്യങ്ങൾ പ്രചരിപ്പിക്കാൻ അധികസമയമെടുക്കില്ല – ആ വ്യക്തി നിങ്ങളെക്കുറിച്ച് ഇങ്ങനെയെല്ലാം പറഞ്ഞു, എന്നവർക്ക് കേൾപ്പിച്ച് കൊടുത്ത് അവരെയും നശിപ്പിക്കും. ബാബക്കറിയാം, ഇങ്ങനെ വളരെയധികം പേരുണ്ട്. തല കീഴായ കാര്യം കേൾപ്പിച്ച് മനസ്സ് മോശമാക്കുന്നവർ. അതുകൊണ്ട് ഒരിക്കലും അസത്യമായ കാര്യങ്ങൾ കേട്ട് ഉളള് എരിയരുത്. ചോദിക്കൂ, ആ വ്യക്തി എന്നെക്കുറിച്ച് ഇങ്ങനെയെല്ലാം പറഞ്ഞോ? ഉള്ളിൽ ശുദ്ധത വേണം. ചില കുട്ടികൾ കേട്ടതും കേൾപ്പിക്കപ്പെട്ടതുമായ കാര്യത്തിൽ വിശ്വസിച്ച് പരസ്പരം ശത്രുത വെക്കുന്നു. ബാബയെ ലഭിച്ചു എങ്കിൽ ബാബയോട് ചോദിക്കണമല്ലോ. ബ്രഹ്മാബാബയിൽ പോലും വളരെയധികം പേർക്ക് വിശ്വാസമില്ല. ശിവബാബയെത്തന്നെ മറന്നു പോകുന്നു. ബാബ വന്നിരിക്കുന്നതു തന്നെ എല്ലാവരേയും ഉയർത്തുന്നതിനു വേണ്ടിയാണ്, സ്നേഹത്തോടെ ഉയർത്തുകയാണ്. ഈശ്വരീയ മതം സ്വീകരിക്കണം. നിശ്ചയമില്ലായെങ്കിൽ കുട്ടികൾ ഇങ്ങനെ ചോദിക്കുകയുമില്ല അതിനുള്ള മറുപടിയും ലഭിക്കില്ല. ബാബ മനസ്സിലാക്കിത്തരുന്നതിനെ ധാരണ ചെയ്യണം.

നിങ്ങൾ കുട്ടികൾ ശ്രീമത്തിലൂടെ വിശ്വത്തിൽ ശാന്തി സ്ഥാപിക്കാൻ നിമിത്തമായവരാണ്. ഒരു ബാബയുടേതല്ലാതെ വേറെ ആരുടെ മതവും ഉയർന്നതിലും ഉയർന്നതാകുന്നില്ല. ഉയർന്നതിലും ഉയർന്ന മതം ഭഗവാന്റേതാണ്. ഇതിലൂടെ പദവിയും എത്ര ഉയർന്നതാണ് ലഭിക്കുന്നത്. ബാബ പറയുകയാണ് തന്റെ മംഗളം ചെയ്ത് ഉയർന്ന പദവി പ്രാപിക്കൂ, മഹാരഥിയായി മാറൂ. പഠിക്കുന്നില്ലായെങ്കിൽ എന്ത് പദവി നേടാനാണ്. ഇത് കൽപകൽപാന്തരത്തിലെ കാര്യമാണ്. സത്യയുഗത്തിൽ ദാസദാസിമാരും നമ്പർവൈസായിരിക്കും. ബാബ വന്നിരിക്കുന്നത് ഉയർന്നതാക്കി മാറ്റാനാണ് പക്ഷേ പഠിക്കുന്നില്ലായെങ്കിൽ എന്ത് പദവി നേടും. പ്രജകളിലും ഉയർന്നതും താഴ്ന്നതുമായ പദവി ഉണ്ടല്ലോ, ഇതെല്ലാം തന്നെ ബുദ്ധി കൊണ്ട് മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. മനുഷ്യർക്ക് നമ്മൾ എവിടേക്കാണ് പോകുന്നതെന്ന് അറിയുന്നില്ല. നമ്മൾ ഉയർന്നുകൊണ്ടിരിക്കുകയാണോ അതോ താഴേക്ക് പൊയ്കൊണ്ടിരിക്കുകയാണോ എന്ന് അറിയുന്നില്ല. നിങ്ങൾ സ്വർണ്ണിമയുഗത്തിലും, ത്രേതായുഗത്തിലും ഉണ്ടായിരുന്നവർ എങ്ങിനെ കലിയുഗത്തിലേക്കു വന്നു എന്ന് ബാബ മനസ്സിലാക്കിത്തരുന്നു. ഈ സമയത്തെ മനുഷ്യർ, മനുഷ്യനെത്തന്നെ കൊന്നു തിന്നുന്നു. ഇപ്പോൾ ഈ എല്ലാ കാര്യങ്ങളും മനസ്സിലാക്കിയാൽ മാത്രമേ ജ്ഞാനം എന്താണെന്നുള്ളത് മനസ്സിലാകൂ. പല കുട്ടികളും ഒരു ചെവിയിലൂടെ കേട്ട് മറു ചെവിയിലൂടെ പുറത്തേക്കു കളയുന്നു. നല്ല-നല്ല സെന്ററുകളിലെ വളരെ നല്ല കുട്ടികൾ പോലും ക്രിമിനൽ ദൃഷ്ടിയുള്ളവരാണ്. നേട്ടത്തിന്റെ, നഷ്ടത്തിന്റെ, അന്തസ്സിന്റെ ഇതിനെക്കുറിച്ചുള്ള ചിന്തയൊന്നും തന്നെയില്ല. പ്രധാനപ്പെട്ട കാര്യം തന്നെ ക്രിമിനൽ(വികാരി) ദൃഷ്ടിയുടെതാണ്. ബാബ മനസ്സിലാക്കിത്തരികയാണ് കാമം മഹാ ശത്രുവാണ്, ഇതിനെ ജയിക്കുന്നതിനുവേണ്ടി എത്രയാണ് പരിശ്രമിക്കുന്നത്. മുഖ്യമായ കാര്യം തന്നെ പവിത്രതയുടെതാണ്. ഇതിന്റെ പേരിൽ എത്ര പ്രശ്നങ്ങളാണ് ഉണ്ടാകുന്നത്. ബാബ പറയുകയാണ് ഈ കാമവികാരം മഹാ ശത്രുവാണ്, ഇതിന്റെ മേൽ വിജയം പ്രാപിക്കൂ

എന്നാൽ ജഗത്ജീത്തായിത്തീരും. ദേവതകൾ സമ്പൂർണ്ണ നിർവ്വികാരികളല്ലേ. ഇനി മുന്നോട്ട് പോകുന്തോറും എല്ലാം മനസ്സിലാക്കിക്കൊള്ളും. സ്ഥാപനയും ഉണ്ടാകുക തന്നെ ചെയ്യും. ശരി.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ഒരിക്കലും കേട്ടു കേൾവിയുള്ള കാര്യങ്ങളിൽ വിശ്വസിച്ച് തന്റെ സ്ഥിതിയെ മോശമാക്കരുത്. ഉള്ളിൽ ശുദ്ധതയുണ്ടായിരിക്കണം. അസത്യമായ കാര്യങ്ങൾ കേട്ട് തന്റെ ഉള്ള് എരിയരുത്, ഈശ്വരീയ മതം സ്വീകരിക്കണം.

2) ദേഹീ അഭിമാനിയായി മാറാനുള്ള പൂർണ്ണ പുരുഷാർത്ഥം ചെയ്യണം, ആരെയും നിന്ദിക്കരുത്. നഷ്ടം, ലാഭം, അന്തസ്സ് ഇവയിൽ ശ്രദ്ധ വെച്ചുകൊണ്ട് ക്രിമിനൽ ദൃഷ്ടിയെ സമാപ്തമാക്കണം. ബാബ എന്താണോ കേൾപ്പിക്കുന്നത് അത് ഒരു ചെവിയിലൂടെ കേട്ട് മറു ചെവിയിലൂടെ പുറത്തേക്കു കളയരുത്.

## വരദാനം:- ത്രികാലദർശിയുടെ സീറ്റിൽ സെറ്റായി ഓരോ കർമ്മവും ചെയ്യുന്ന ശക്തിശാലി ആത്മാവായി ഭവിക്കൂ

ഏതു കുട്ടികളാണോ ത്രികാലദർശി സീറ്റിൽ സെറ്റായി ഓരോ സമയവും ഓരോ കർമ്മവും ചെയ്യുന്നത് അവർക്കറിയാം പ്രശ്നങ്ങൾ അനേകം വരാനുണ്ട്, വരിക തന്നെ വേണം, തന്നിലൂടെയാകട്ടെ, മറ്റുള്ളവരിലൂടെയാകട്ടെ, മായയിലൂടെ പ്രകൃതിയിലൂടെ എല്ലാ പ്രകാരത്തിലും പരിസ്ഥിതികൾ വരും, വരിക തന്നെ വേണം എന്നാൽ സ്വ-സ്ഥിതി ശക്തിശാലിയാണെങ്കിൽ പര-സ്ഥിതി അതിനുമുന്നിൽ ഒന്നും തന്നെയല്ല. കേവലം ഓരോ കർമ്മവും ചെയ്യുന്നതിന് മുൻപ് അതിന്റെ ആദി-മദ്ധ്യ-അന്ത്യം മൂന്ന് കാലങ്ങളേയും പരിശോധിച്ച്, മനസ്സിലാക്കി ശേഷം ഏത് കർമ്മവും ചെയ്യൂ അപ്പോൾ ശക്തിശാലിയായി പരിസ്ഥിതികളെ മറികടക്കും.

## സ്ലോഗൻ:- സർവ്വശക്തീ അല്ലെങ്കിൽ ജ്ഞാന സമ്പന്നമാകുന്നത് തന്നെയാണ് സംഗമയുഗത്തിന്റെ പ്രാലബ്ധം.